**റിപ്പബ്ലിക് ഓഫ് കൊറിയയുടെ പ്രസിഡണ്ടിന്റെ പ്രത്യേക ദൂതന് ശ്രീ ദോംഗ്ചിയ ചുങ്ങ്, പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി**

ജൂണ് 17, 2017

റിപ്പബ്ലിക് ഓഫ് കൊറിയയുടെ പ്രസിഡണ്ടിന്റെ പ്രത്യേക ദൂതന് ശ്രീ ദോംഗ്ചിയ ചുങ്ങ്, ഇന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തി

ശ്രീ ചുങ്ങിനെ തന്റെ പ്രത്യേക ദൂതനായി ഇന്ത്യയിലേക്ക് അയച്ച പ്രസിഡണ്ട് മൂണിന്റെ നടപടിയിലുള്ള തന്റെ അഭിനന്ദനം പ്രധാനമന്ത്രി അറിയിച്ചു

മേയ് 2015 ല് താന് റിപ്പബ്ലിക് ഓഫ് കൊറിയ സന്ദര്ശിച്ചതിനെ പ്രധാനമന്ത്രി ഓര്ക്കുകയുണ്ടായി, അതോടനുബന്ധിച്ചായിരുന്നു ഉഭയകക്ഷിബന്ധങ്ങള് ''പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തമാക്കി ഉയര്ത്തിയത് ''. റിപ്പബ്ലിക് ഓഫ് കൊറിയ ഇന്ത്യയുടെ പ്രധാന വികസന പങ്കാളി ആണെന്നും അദ്ദേഹം പറഞ്ഞു.

വ്യാപാരം, സാമ്പത്തിക മേഖലകളില് മാത്രമല്ല പ്രതിരോധ സഹകരണം പോലുള്ള പുതിയ മേഖലകളില് കൂടി ഉഭയകക്ഷി പങ്കാളിത്തം ശക്തമാക്കുന്നതിനെ പ്രധാനമന്ത്രി സ്വാഗതം ചെയ്തു

ഇരു രാജ്യങ്ങള് തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങള് കൂടുതല് ദൃഢമാക്കുവാന് പ്രസിഡണ്ട് മൂണുമായി ചേര്ന്ന് പ്രവര്ത്തിക്കാന് താന് പ്രതിജ്ഞബദ്ധനാണെന്നു പ്രധാനമന്ത്രി പറഞ്ഞു. പ്രസിഡണ്ട് മൂണുമായി കൂടിക്കാഴ്ചക്കുള്ള അവസരത്തിനായി കാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു .

ന്യൂഡെല്ഹി
ജൂണ് 17, 2017